SUNDAY 21/09/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA


**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/09/2025

1. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ജൈവ ഉല്പാദനോപാധികളും മൈക്രോ ന്യൂട്രിയന്റ് മിക്സ്ചറും വിൽപ്പനയ്ക്ക് ലഭ്യമാണ്.

അയർ – RS. 70/ Kg

സമ്പൂർണ പച്ചക്കറിക്ക് :Rs. 160/0.5 kg

നെല്ലിന് :Rs. 160/0.5 kg

കായീച്ചക്കെണി മാവിന്: Rs. 150

പച്ചക്കറിക്ക് –Rs. 200

നന്മ Rs. 140/200ml

ശ്രേയ–Rs. 120/200ml

ട്രൈക്കോഡെർമ –Rs. 80/2 Kg.

1. തിരുവനന്തപുരം ആനയറ വി എഫ് പി സി കെ കൃഷി ബിസിനസ്സ് കേന്ദ്രയിൽ വിവിധ ഇനങ്ങളിലുള്ള തെങ്ങിൻ തൈകൾ, മാവിൻ തൈകൾ, പ്ലാവിനങ്ങൾ, റംബൂട്ടാൻ, കമുക്, കുരുമുളക് വള്ളികൾ, ജൈവ ഉത്പാദനോപാധികൾ, ചാണകപ്പൊടി (സമ്പുഷ്ടീകരിച്ചത്), വേപ്പിൻപിണ്ണാക്ക്, എല്ലുപൊടി, മീൻവളം,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കപ്പലണ്ടിപ്പിണ്ണാക്ക്, ബ്യൂവേറിയ, വെർട്ടിസീലിയം, ട്രൈക്കോ ഡെർമ, മെറ്റാറൈസിയം, എന്നിവയും വാഴ കൃഷിക്കും പച്ചക്കറി കൃഷിക്കും ആവശ്യമായ അയർ തുടങ്ങിയവ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ – 8289907652, 9495311486

## പരിശീലന പരിപാടി

1. വെള്ളായണി കാർഷിക കോളേജിലെ സെൻറർ ഫോർ അഗ്രികൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫറിന്റെയും (CAITT) ഹൈദരാബാദ് മാനേജിൻറെയും (MANAGE) സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുന്ന അഗ്രിക്ലിനിക്ക് ആന്റ് അഗ്രിബിസിനസ് സെന്റേഴ്സ് സ്കീമിൻ്റെ ഭാഗമായി 45 ദിവസത്തെ സൗജന്യ പരീശീലനപരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. കാർഷിക മേഖലയിലെ തൊഴിൽ സാധ്യത വിപുലപ്പെടുത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ, ഡയറി സയൻസ്, അനിമൽ ഹസ്ബെൻ്ററി, ഫിഷറീസ്, ഫോറസ്ട്രി,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അഗ്രികൾച്ചൾ എഞ്ചിനീയറിങ്, ബയോടെക്നോളജി, ഹോം സയൻസ്, കമ്യൂണിറ്റി സയൻസ്, ഫുഡ് ടെക്നോളജി, ഫുഡ് ന്യൂട്രീഷ്യൻ & ഡയറ്റെറ്റിസ്, എൻവിയോൺമെൻ്ററൽ സയൻസ്, ബോട്ടണി, സുവോളജി, കെമസ്ട്രി എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദവും, +2 പാസായ ശേഷമുള്ള 3 വർഷത്തെ അഗ്രികൾച്ചർ ഡിപ്ലോമ കോഴ്സ് പഠിച്ചവർക്കും അപേക്ഷിക്കാവുന്നതാണ്. പ്രായപരിധി 21 മുതൽ 60 വയസ്സ് വരെ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് വ്യക്തിഗത സംരംഭങ്ങൾ തുടങ്ങുവാനായി ബാങ്ക് വായ്പ ലഭിക്കുന്നതാണ്. പൊതു വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് വായ്പ തുകയുടെ 36 ശതമാനം വരെ സബ്സിഡിയും വനിതകൾക്കും, ഷെഡ്യൂൾഡ് കാസ്റ്റ്/ ഷെഡ്യൂഡ് ട്രൈബ് വിഭാഗത്തിൽ ഉള്ളവർക്ക് 44 ശതമാനം വരെയും സബ്സിഡി ലഭിക്കും. വായ്പാ സഹായം ലഭിക്കുവാനുള്ള പരമാവധി പ്രായം 62 വയസ്സാണ്. പദ്ധതിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സെപ്റ്റംബർ 24 നകം http://acabcmis.gov.in എന്ന പോർട്ടലിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദമായ വിവരങ്ങൾക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

www.agriclinics.net എന്ന വെബ്സൈറ്റ് സന്ദർശിക്കാം. കൂടുതൽ വിവരങ്ങൾക്ക് 9447495778, 8891540778 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 23 മുതൽ 24 വരെ 2 ദിവസങ്ങളിലായി "സുരക്ഷിതമായ പാൽ ഉല്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥി കൾ 2025 സെപ്റ്റംബർ 20-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി താഴെ കാണിച്ചിരിക്കുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിൻ്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ. ഫോൺ നം. 8089391209, 0476 2698550

3. തിരുവനന്തപുരം സ്റ്റാച്യുവിലെ ഗ്രാമീണ സ്വയംതൊഴിൽ കേന്ദ്രത്തിൽ പത്തുദിവസത്തെ സൗജന്യ കൂൺ കൃഷി പരിശീലനം ഈ മാസം 22 ന ആരംഭിക്കുന്നു. രജിസ്റ്റർ ചെയ്യുന്നതിന് 0471 2322430, 9600593307 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക. ഇൻ്റർവ്യൂ 20ന്. രാവിലെ 9.30മുതൽ വൈകിട്ട് 5 വരെയാണ് ക്ലാസ്.

4. ചെങ്ങന്നൂർ സെൻട്രല് ഹാച്ചറി പരിശീലന വിഭാഗത്തില് സെപ്റ്റംബര് 23, 24 തീയതികളില് മുട്ടക്കോഴി വളർത്തല് എന്നീ വിഷയങ്ങളിൽ രാവിലെ 10 മുതല് വൈകിട്ട് 5 വരെ സൗജന്യ പരിശീലനം നൽകും. പങ്കെടുക്കുന്നതിന് സെൻട്രല് ഹാച്ചറി പരിശീലന വിഭാഗത്തിലെ 0479 2452277, 2457778, 7736336528 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ് .

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ. ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയമായ വിളവെടുപ്പിലുള്ള പ്രത്യേക പരിശീലനം 2025 സെപ്റ്റംബർ 22 മുതൽ 26 വരെയുള്ള തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ് കത്തികളുടെ ഉപയോഗം, നൂതന ടാപ്പിംഗ് രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ് ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**

## കാർഷിക നിർദേശം

1. കഴിഞ്ഞ മാസംവളം നൽകാത്ത കമുകൾക്ക് ഈ മാസം ഒന്നാം ഗഡു രാസവളം ചേർക്കാം. കാലവർഷം അവസാനിക്കുന്നതോടെ കിളച്ചോ കൊത്തിയോ തോട്ടത്തിലെ മണ്ണ് ഇളക്കണം. മണൽ പ്രദേശങ്ങളിൽ ഈ കിളകൊണ്ട് വേരുതീനിപ്പുഴക്കൾ പുറത്തുവരികയും കാക്കകൾ കൊത്തി അവയെ നിയന്ത്രിക്കുകയും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യും. ചാലുകൾ വൃത്തിയാക്കി നീർവാർച്ച മെച്ചപ്പെടുത്തണം. വെളിച്ചം കുറവുള്ള തോട്ടങ്ങളിൽ റോബസ്റ്റയോ, ഞാലിപ്പൂവനോ ഇടവിളയായി നടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം